## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 613 | 8.3.2012-ലെ മറുപടിക്ക് |
|---|---|

### മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. പി.റ്റി.എ.റഹീം<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളും രജിസ്ട്രേഷൻ സംവിധാനങ്ങളുമാണ് നിലവിലുള്ളത് ; | എ) മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് Mental Health Act 1987 പ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ് ഇതിനുള്ള ലൈസൻസിംഗ് അതോറിറ്റി. മെന്റൽ ഹെൽത്ത് ആക്ട് 1987 -ലേയും State Mental Health Rules 1990 -ലേയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള State Mental Health Rules -ലേയും മാനദണ്ഡങ്ങളാണ് ലൈസൻസ് നൽകുന്നതിനായി നിലവിലുള്ളത് |
| ബി) സംസ്ഥാനത്തെ മാനസികാരോഗ്യ അതോറിറ്റി ഒരു വെള്ളാനയാണെന്നും ഇവർ തങ്ങളുടെ ചുമതല മറന്നിരിക്കുകയാണെന്നും ബഹു: ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായോ; വിശദമാക്കാമോ; | ബി) നിരീക്ഷിച്ചിട്ടുണ്ട്. നാല് ഔദ്യോഗിക അംഗങ്ങളും മൂന്ന് അനൗദ്യോഗിക അംഗങ്ങളും അടങ്ങുന്നതാണ് സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി. ആരോഗ്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പിലെ മാനസിക ആരോഗ്യ വിഭാഗം കൈകാര്യം ചെയ്യുന്ന ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് എന്നിവരാണ് ഔദ്യോഗിക അംഗങ്ങൾ. അനൗദ്യോഗിക അംഗങ്ങളിൽ ഒരു സൈക്യാട്രിസ്റ്റ്, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരാണ് ഉൾപ്പെടുന്നത്. ഔദ്യോഗിക അംഗങ്ങളോ |

| | |
|---|---|
| | അനൗദ്യോഗിക അംഗങ്ങളോ ഈ സേവനത്തിന് യാതൊരു വിധ പ്രതിഫലവും കൈപ്പറ്റുന്നില്ല. അതോറിറ്റിയിലെ ജീവനക്കാരിൽ പാർട്ട് ടൈം സ്വീപ്പർ ഒഴികെയുള്ള മൂന്ന് ജീവനക്കാരും സംസ്ഥാന സർക്കാർ സർവീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്. അവർക്ക് നൽകുന്ന വേതനം അവരുടെ സ്വന്തം വകുപ്പുകളിൽ തുടർന്നാൽ കിട്ടുന്ന വേതനം മാത്രമാണ്. മെന്റൽ ഹെൽത്ത് ആക്ടിലെയും മെന്റൽ ഹെൽത്ത് റൂൾസിലെയും വ്യവസ്ഥകൾ നടപ്പിലാക്കുവാൻ മെന്റൽ ഹെൽത്ത് അതോറിറ്റി എല്ലാവിധ ശ്രമങ്ങളും നടത്തി വരികയാണ്. Mental Health Act- ലെയും കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുള്ള State Mental Health Rules- ലെയും വ്യവസ്ഥകൾക്ക് വിധേയമായി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. Mental Health Act- ലും Mental Health Rules- ലും പറയുന്ന എല്ലാ ഉത്തരവാദിത്വങ്ങളും മെന്റൽ ഹെൽത്ത് അതോറിറ്റി നിറവേറ്റുന്നുണ്ട്. ഈ വസ്തുതകൾ ബഹു: കോടതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് ലൈസൻസോ അംഗീകാരമോ ഇല്ലാത്ത മാനസികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട് |
| ഡി) ഇത്തരം കേന്ദ്രങ്ങൾക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ഡി) ലൈസൻസിനായി അപേക്ഷ നൽകിയ സ്ഥാപനങ്ങളിൽ 107 എണ്ണത്തിൽ പരിശോധന നടത്തി. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള നാല് സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി കഴിഞ്ഞു. മറ്റു സ്ഥാപനങ്ങൾക്ക് ന്യൂനതകൾ ചൂണ്ടിക്കാട്ടി അവ പരിഹരിക്കുന്നതിനായി അറിയിപ്പ് നൽകിക്കൊണ്ടിരിക്കുന്നു. ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് ഈ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതാണ്. മനോരോഗികളെ ചികിത്സിക്കുകയോ, പരിചരിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങൾ എല്ലാം |

| | |
|---|---|
| | തന്നെ Mental Health Act-1984 അനുസരിച്ച് ലൈസൻസ് എടുക്കണമെന്ന് അറിയിച്ചുകൊണ്ട് പത്രപരസ്യം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മനോരോഗ ചികിത്സാ പുനരധിവാസ കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോടും ആഭ്യന്തര വകുപ്പിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ